# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3130**.

**13-03-2017 ൽ മറുപടിയ്ക്ക്**

## ഓണാട്ടുകര പാടശേഖരങ്ങൾ തരിശുരഹിതമാക്കുന്നതിന് പദ്ധതി

**ചോദ്യം**
ശ്രീ.ആർ. രാമചന്ദ്രൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദീകരിക്കാമോ; | (എ) | നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1.സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/ രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 4500/- രൂപ നിരക്കിൽ 180000 ഹെക്ടർ സ്ഥലത്ത് 8100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി. ഞവര ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷിക്കുള്ള പ്രോൽസാഹനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ. തൃശ്ശൂർ. എറണാകുളം പാലക്കാട്. വയനാട്. കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു. |

**4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1.25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**5.കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2752.092 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 374.28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേക്ക് ഒരു ഹെക്ടറിന് 30000 രൂപാ നിരക്കിൽ, 2900 ഹെക്ടറിന് 870 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേക്കായി ഹെക്ടറിന് 10000/- രൂപ ധനസഹായ നിരക്കിൽ 94 ഹെക്ടറിന് 9.4 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി. 57.37 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നടപ്പുവർഷം അധികമായി അനുവദിച്ചിട്ടുണ്ട്.

**8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)-**

ദേശീയഭക്ഷ്യ സുരക്ഷ പദ്ധതി ( NFSM പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനായി 243 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന ഓണാട്ടുകര പാടശേഖരങ്ങൾ തരിശുരഹിതമാക്കുന്നതിന് വേണ്ടി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു; | (ബി) ഓണാട്ടുകര പാടശേഖരങ്ങൾക്കായി നിലവിലുള്ള നെൽകൃഷി വികസന പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ കരനെൽകൃഷി പ്രചരിപ്പിക്കുന്നുമുണ്ട്. |
| (സി) ഈ പ്രദേശത്തെ വയലുകൾക്കു യോജിച്ച നെൽവിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കൃഷി ചെയ്യുന്ന കർഷകർക്ക് നെൽവിത്ത് സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |
| (ഡി) കടൽ തീരവുമായി വളരെ അടുത്തുകിടക്കുന്ന പ്രദേശങ്ങളിലെ മുണ്ടകപ്പാടങ്ങൾ തരിശു രഹിതമാക്കുന്നതിന്, മുണ്ടക നെൽവിത്തുകൾ കർഷകർക്ക് സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) കൃഷി ചെയ്യുന്ന കർഷകർക്ക് നെൽവിത്ത് സൗജന്യമായി നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. സുസ്ഥിര നെൽകൃഷി വികസനം, പ്രത്യേക നെൽകൃഷി വികസനം എന്നീ പദ്ധതികളിൽ ഇതിനുള്ള സബ്സിഡി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ